# Weekly Devotion - November 2018

## Shattered jar of clay

### ഉടഞ്ഞ മൺകുടം




നിയമത്തെ മറികടക്കുവാനുള്ള വാസന മനുഷ്യരുടെ രക്തത്തിൽ അലിഞ്ഞ് ചേർന്നിട്ടുണ്ട്. നിയമത്തെ മനുഷ്യർ ലംഘിക്കുമ്പോൾ അത് ലംഘിക്കാതിരിക്കുവാൻ വേറൊരു നിയമം കൊണ്ടുവരുന്നു. മനുഷ്യന്റെ സ്വഭാവത്തിൽ പാപം കടന്നു കൂടിയാൽ നിയമലംഘനം നടക്കുന്നു. നിയമംലംഘിക്കുമ്പോൾ പാപത്തിന്റെ ശക്തി വർദ്ധിക്കുന്നു. എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസവും അനുസരണവും നമ്മെ നിയമം പാലിക്കുന്നവരാക്കുക മാത്രമല്ല, നമ്മുടെ ചുറ്റുപാടുമുള്ളവരെയും നമ്മോട് സഹകരിക്കുന്നവരെയും തകർച്ചയിൽ നിന്ന് രക്ഷപെടുത്തുവാൻ സഹായിക്കുകയും ചെയ്യുന്നു.

റഷ്യക്കാരനായ ഒരു ക്യാപ്റ്റൻ ഹംഗറിയിലുള്ള ഒരു സഭാസുശ്രൂഷകനെ ഒരു മുറിയിലേക്ക് ആനയിച്ച് കതകടച്ച് കുറ്റിയിട്ടു. " ഞാൻ യേശുവിൽ വിശ്വസിക്കുന്നില്ല എന്നും ക്രിസ്തുവിന്റെ വാക്കുകൾ തെറ്റാണെന്നും പറയുവാൻ" ക്യാപ്റ്റൻ ശുശ്രൂഷകനോട് ആവശ്യപ്പെട്ടു. എന്നാൽ ശുശ്രൂഷകൻ "ഞാൻ അപ്രകാരം പറഞ്ഞാൽ അത് പരമാർത്ഥമല്ല" എന്ന് പറഞ്ഞപ്പോൾ താൻ ആരോടും പറയുകയില്ല എന്നും അനുസരിച്ചില്ലെങ്കിൽ അഗ്നിക്കിരയാക്കുമെന്നും ക്യാപ്റ്റൻ പറഞ്ഞു. പുഞ്ചിരിയോടെ ശുശ്രൂഷകൻ പറഞ്ഞത് "ഞാൻ മരിക്കേണ്ടി വന്നാലും എന്റെ ദൈവത്തെ തള്ളിപ്പറയുകയില്ല എന്നായിരുന്നു". ഇതു കേട്ട ക്യാപ്റ്റൻ തോക്കുതാഴെയിട്ട് ഞാനും യഹോവയിൽ വിശ്വസിക്കുന്നു എന്ന് പറഞ്ഞു അതേ! മരണത്തെ ഭയക്കാത്ത വിശ്വാസം മറ്റൊരാളെക്കൂടെ മരണത്തെ ജയിക്കുവാൻ സഹായിച്ചു. നമ്മുടെ വിശ്വാസം ചുറ്റുമുള്ളവരെ രക്ഷിക്കുന്നതോ അതോ നശിപ്പിക്കുന്നതോ ?

അരക്കച്ചയുടെ (linen girdle) ഉപമ യെരുശലേമിനും, യഹൂദയ്ക്കും വരുന്ന ന്യായവിധിയുടെ ഒന്നാമത്തെ ചിത്രമായിരുന്നു. ഉടയ്ക്കപ്പെട്ട മൺകുടത്തിന്റെ ഉപമ ന്യായവിധിയുടെ രണ്ടാമത്തെ ചിത്രമാണ് (യിരെ :19:1-15) അകാരണമായി ദൈവം ഒരു ദേശത്തെയോ ഒരു സമൂഹത്തെയോ, ഒരു വ്യക്തിയെയോ ന്യായം വിധിക്കുന്നില്ല. ഇവിടെ ദൈവം അരുളിചെയ്തു വാക്കുകൾ പോയി പറയുക എന്ന ദൗത്യം അനുസരിച്ച യിരെമ്യാവിനെതിരായി ഗൂഢാലോചന ചെയ്യുന്ന ജനത്തിനാണ് ന്യായവിധി നേരിടേണ്ടി വരുന്നത്. യിരെമ്യാവ് ഭയന്ന് ദൈവത്തോട് നിലവിളിക്കുമ്പോൾ നിശ്ചിയമായും ന്യായവിധി സംഭവിക്കും.

Read യിരെ: (18:18, 23)

ഇതുപോലെ മോശയ്ക്കു നേരെ പിറുപിറുത്തവർക്കും, ഗൂഢാലോചന ചെയ്തവർക്കും ന്യായവിധി നേരിടേണ്ടി വന്നു.

Read ലേവ്യ :(9:23,24), (10:1,2)

സംഖ്യ :12:1-10)

സംഭവിപ്പാൻ പോകുന്ന ന്യായവിധിയെപ്പറ്റി ഉദാഹരണം കാണിച്ച് പ്രവചിക്കുവാനുള്ള നിർദ്ദേശമാണ് യിരെമ്യാവിന് നൽകുന്നത്, Read യിരെ:(19:1-2) മൺകുടം വിലെക്കു വാങ്ങുക,

ജനത്തിന്റെ മൂപ്പന്മാരിലും, പുരോഹിത മൂപ്പന്മാരിലും ചിലരെ വിളിച്ച് ബെൻഹിന്നോ താഴ്‌വരയിൽ പോകുക എന്നതായിരുന്നു ആദ്യ നിർദ്ദേശം. അവിടെ എത്തിയശേഷം മാത്രമേ യഹോവപറഞ്ഞത് പറയുവാനും ചെയ്യുവാനും അനുവാദമുള്ളൂ.

Read(യിരെ:(19:3-5), (19:4-9) (ബെൻഹിന്നോം താഴ്‌വര മക്കളെ അഗ്നിപ്രവേശം ചെയ്ത് യാഗം കഴിക്കുകയും, അന്യദേവന്മാർക്ക് ധൂപം കാട്ടുകയും ചെയ്യുന്ന സ്ഥലമാണ്. മോശ യുടെ കാലത്ത് അഗ്നി പ്രവേശം കർശനമായി വിലക്കിയിരുന്നു. യെരുശലേമിന് തെക്കുള്ള ഈ താഴ്‌വര യിൽ ചവറ് നിക്ഷേപിച്ചിരുന്നു. അങ്ങനെ ആ സ്ഥലം മലിനമാക്കിയതാണ്. എന്നിട്ടും ജനം തെറ്റ് ചെയ്തു). കേൾക്കുന്നവന്റെ ചെവി മുഴങ്ങത്തക്കവണ്ണമായിരിക്കും ഈ സ്ഥലത്തിന് അനർത്ഥം വരുത്തുന്നത്. ഇതേ പ്രസ്താവന (1ശമു 3:11) ലും കാണുന്നു.

ഈ ന്യായവിധി എപ്രകാരം സംഭവിക്കും എന്ന് കാണിപ്പാൻ ഒരിക്കലും ശരിയാക്കു വാൻ കഴിയാത്ത വിധത്തിൽ മൺകുടം എറിഞ്ഞ് തകർത്തു. നഗരത്തിനും ആലയത്തിനും വരുന്ന ന്യാവിധിയുടെ സദൃശ്യമായിരുന്നു മൺകുടം ഉടെച്ച് കാണിച്ചത് (യിരെ 19:10) വചന ത്തിലെ കല്പനകൾ മറന്ന് ആത്മീയത നഷ്ടമാക്കി വ്യജഭാവം കാണിക്കുന്ന ദേശവും നിവാസി കളും യഹോവയുടെ ശിക്ഷാവിധിയ്ക്ക് ഇരകളാകും തുടർന്ന് തോഫെത്ത് ആയി മാറിയ ബെൻഹിന്നോം താഴ്‌വര ഇനിയും കുലത്താഴ്‌വര എന്ന് അറിയപ്പെടുമെന്നും യിരെമ്യാവ് പ്രവചിച്ചു.

Read യിരെ :19(5,6), (11-15)

ഈ നഗരത്തിന് വിധിച്ചിരിക്കുന്ന അനർത്ഥം ഒക്കെയും അതിനു മാത്രമല്ല അടുത്ത പട്ടണ ത്തിനും വരുത്തും എന്ന് പ്രവചിക്കുവാൻ യിരെമ്യാവിന് നിർദ്ദേശം ലഭിച്ചു.

ശപഥാർപ്പിത വസ്തുക്കൾ എടുക്കരുത് എന്ന മുന്നറിയിപ്പ് അവഗണിച്ചവന് ശിക്ഷ ലഭിച്ചു. യെരിഹോതകർത്തത് യഹോവയാകയാൽ അത് നന്നാക്കുവാൻ ശ്രമിച്ചവരും ശിക്ഷയ്ക്ക് പാത്രമാകുകയും ചെയ്തു. Read യോശു :6:18, 24-27 യോശു:(7:20-26), (1 രാജ:16:34)

പ്രിയരേ! സത്യമായി ന്യായം വിധിക്കുന്നവനെ ഭയപ്പെട്ട്, അവന്റെ വാക്കനുസരിച്ച് ജീവിക്കുക, രക്ഷകന്റെ അരികിലെത്തി സകല പ്രശ്നത്തിനും പരിഹാരം കാണുവാൻ ദൈവം കൃപചെയ്യട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*

Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind